# കരുണാപുരം ഗ്രാമ പഞ്ചായത്ത്

# പൌരാവകാശരേഖ

2026 – 27



സുഹൃത്തേ ,

## ആമുഖം

ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനോടൊപ്പം ജനങ്ങൾക്ക് നൽകേണ്ട വിവിധ സേവനങ്ങളിലും പ്രാദേശിക സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഒരു പ്രദേശവാസിക്ക് നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് പഞ്ചായത്ത് ഓഫീസിൽ നിന്നും ആവശ്യപ്പെടുന്ന സേവനം സമയബന്ധിതമായി ലഭിക്കുന്നതിനുള്ള അവകാശം ഉറപ്പാക്കുന്നതാണ് പൗരാവകാശ രേഖയുടെ പ്രധാന ലക്ഷ്യം.

പഞ്ചായത്തിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ, ആവശ്യമായ രേഖകൾ, പാലിക്കേണ്ട നിബന്ധനകൾ, സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ പൗരന്മാരുടെ അറിവിനും പഞ്ചായത്ത് ഭരണത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനുമായി ഈ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2026–27 വർഷത്തേക്കുള്ള ഈ പൗരാവകാശ രേഖ കരുണാപുരം ഗ്രാമപഞ്ചായത്തിലെ പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധീകരിക്കുന്നു.

കൂട്ടാർ

10/08/2026

**വി എസ് ബിനു**

പ്രസിഡന്റ്

കരുണാപുരം ഗ്രാമപഞ്ചായത്ത്

## കരുണാപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ



**ശ്രീ. ബിനു വി. എസ്**

കരുണാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്





**ഷീന അനിൽകുമാർ**
വൈസ് പ്രസിഡന്റ്
കരുണാപുരം
ഗ്രാമപഞ്ചായത്ത്.

**മാത്തുകുട്ടി**
**മറ്റപ്പള്ളി**





**ശ്രീമതി.ബീന പ്രസാദ്**
ചെയർപേഴ്സൺ
ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി

**ശ്രീ. സുനിൽ കൊല്ലക്കാട്ട്**
ചെയർമാൻ
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി



**ശ്രീ. പ്രസന്നൻ പുളിക്കൽ**



**ശ്രീ.അഖിൽ ആർ**
മെമ്പർ വാർഡ് - 2



**ശ്രീ. മധുസൂദനൻ**
മെമ്പർ വാർഡ് - 3



**ശ്രീമതി.പുഷ്പവല്ലി**
മെമ്പർ വാർഡ് - 4



**ശ്രീമതി.ലതാകുമാരി**
മെമ്പർ വാർഡ് – 5



**ശ്രീ. ജെയ് തോമസ്**
മെമ്പർ വാർഡ് - 7



ശ്രീമതി. മറിയാമ്മ

മെമ്പർ വാർഡ് - 10



ശ്രീ.മനോജ് പി

മെമ്പർ വാർഡ് - 11



ശ്രീ.വർക്കി പി റ്റി

മെമ്പർ വാർഡ് - 13



ശ്രീമതി.വിദ്യാമോൾ വി വി

മെമ്പർ വാർഡ് – 14



ശ്രീമതി.മഞ്ജുമോൾ

മെമ്പർ വാർഡ്–17



ശ്രീമതി. കുമാരി വി കെ

വാർഡ് - 16



ശ്രീമതി.ജിജിമോൾ എൻ കെ

വാർഡ് - 18



ബ്രൈറ്റ്മോൻ പി

സെക്രട്ടറി

# ആസൂത്രണസമിതിയംഗങ്ങൾ

1. ശ്രീ. വി എസ് ബിനു (ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്) ചെയർമാൻ

2. ശ്രീ. ബ്രൈറ്റ്മോൻ പി. (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) കൺവീനർ

3. ശ്രീമതി. ഷീനാ അനിൽകുമാർ. (ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ്)

4. ശ്രീ.മാതൃൂസ് മറ്റപ്പള്ളി (ചെയർമാൻ വികസനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി)

5. ശ്രീമതി ബീനാ പ്രസാദ് (ചെയർമാൻ,ക്ഷേമകാര്യസ്റ്റാൻറിംഗ് കമ്മറ്റി)

6. ശ്രീ.സുനിൽ കൊല്ലക്കാട്ട് (ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി)

7. ശ്രീ. വി.സി. അനിൽ (വൈസ് ചെയർമാൻ)

8. അഡ്വ. റോയി കൊല്ലംപറമ്പിൽ (അംഗം)

9. ശ്രീ. പി പി സുശീലൻ (അംഗം)

10. ശ്രീ.ചാക്കോ പുല്ലാടൻ (അംഗം)

11. ശ്രീ. വി വി ജോസഫ് വാണിയപ്പുരയ്ക്കൽ (അംഗം)

12. ശ്രീ. കെ എസ് രാജ്മോഹൻ (അംഗം)

13. ശ്രീമതി. നിർമ്മല നന്ദകുമാർ (അംഗം)

14. ശ്രീ. കെ സി സജീവൻ (വിദഗ്ധൻ)

## ആമുഖം

## കരുണാപുരം ഗ്രാമ പഞ്ചായത്ത്

### പൊതു വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കരുണാപുരം |
| ജില്ല | : | ഇടുക്കി |
| ബ്ലോക്ക് | : | നെടുങ്കണ്ടം |
| റവന്യൂ വില്ലേജ് | : | കരുണാപുരം |
| താലൂക്ക് | : | ഉടുമ്പൻചോല |
| അസംബ്ലി മണ്ഡലം | : | ഉടുമ്പൻചോല |
| വിസ്തൃതി | : | 53.21 കി.മീ |

### അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് |
| കിഴക്ക് | : | തമിഴ്നാട് |
| പടിഞ്ഞാറ് | : | പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് |
| തെക്ക് | : | വണ്ടൻമേട് ഗ്രാമ പഞ്ചായത്ത് |
| വാർഡുകൾ | : | 18 |
| ജനസംഖ്യ (2011 സെൻസസ്) | : | 30473 |
| പുരുഷൻമാർ | : | 15780 |
| സ്ത്രീകൾ | : | 14693 |
| പട്ടികജാതി | : | 2102 |
| പട്ടികവർഗം | : | 86 |
| ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ | : | 3800 |
| പഞ്ചായത്ത് രൂപീകരണ വർഷം | : | 1976 |

# കരുണാപുരം ഗ്രാമപഞ്ചായത്ത്



അദ്ധ്യായം -1

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ

പാമ്പാടുംപാറ പഞ്ചായത്ത് വിഭജിച്ചാണ് ഇന്നത്തെ കരുണാപുരം പഞ്ചായത്ത് രൂപീകരിച്ചത്. പഴയ കോട്ടയം ജില്ലയിൽ ഉൾപ്പെട്ടിരുന്ന ഉടുമ്പൻചോല താലൂക്കിലെ വണ്ടൻമേട് പഞ്ചായത്തിന്റെ ഭാഗങ്ങളായിരുന്നു അവിഭക്ത പാമ്പാടുംപാറ പഞ്ചായത്ത്.

ഇന്നത്തെ പഞ്ചായത്തിന്റെ കിഴക്കനതിർത്തിയിൽ കാര്യമായ ജനവാസമുണ്ടായിരുന്നെങ്കിലും കാലിമേയക്കാനായി വന്നിരുന്ന തമിഴ് വംശരായ കുറെയാളുകൾ ഇവിടുത്തെ പ്രദേശങ്ങൾ കൈയ്യടക്കുകയും കാലക്രമത്തിൽ പട്ടയം സമ്പാദിക്കുകയും ചെയ്തു. തിരുവിതാംകൂർ രാജാവായിരുന്ന ശ്രീമൂലം തിരുന്നാളിന്റെ ഭരണ കാലത്ത് കുമളി മുതൽ അട്ടപ്പള്ളം വരെയുള്ള 200 ഏക്കർ തമിഴരുടെ ഭൂമിക്ക് പട്ടയം ദാനം ചെയ്തിരുന്നു. കട്ടേക്കാനം ഭാഗത്തുണ്ടായിരുന്ന തമിഴർക്കും രാജാവിൽ നിന്ന് തന്നെയാണ് പട്ടയം ലഭിച്ചിരുന്നത്. കരം കൊടുക്കാതെ വന്നതിനാൽ പട്ടയങ്ങൾ കാലഹരണപ്പെട്ടുപോയി. (ചരിത്ര പഠനം കേട്ടറിവ്)

പിൽക്കാലത്ത് കുടിയേറിയ നാട്ടുകാരുമായി സ്ഥിരമുണ്ടായിരുന്ന അവകാശ തർക്കങ്ങളും ചെറിയ ചെറിയ ഏറ്റുമുട്ടലുകളുടെയും ഫലമായി അവരെല്ലാം രംഗം വിട്ടതായും കുടിയേറ്റക്കാരുടെ അതീശത്വം ഉറപ്പാക്കുകയും ചെയ്തതായി പറയുന്നു.

കാഞ്ഞിരപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലെ ചില പ്രാണിക കുടുംബക്കാർ അണക്കര, കുമളി, വണ്ടൻമേട്, കമ്പംമേട് പ്രദേശങ്ങളിൽ അതീനമേഖലകളുണ്ടാക്കി അവരുടെ സ്വാധീനം ഉപയോഗിച്ച് വില്ലേജ് അഫീസർമാരിൽ നിന്ന് പട്ടയം സമ്പാദിക്കുകയും അതിന് ചുറ്റുമുള്ള സ്ഥലങ്ങൾ സ്വന്തമാക്കുകയും ചെയ്തതായും മറ്റൊരു നാട്ടറിവുണ്ട്. ഇങ്ങനെ സ്ഥലമുറപ്പിച്ചവരിൽ കമ്പംമെട്ടിൽ കള്ളുവയലിൽ കുടുംബവും ഉൾപ്പെടുന്നു. അവിടെ സ്ഥാപിക്കപ്പെട്ട തോട്ടം കൃഷിക്കും മറ്റുമായി കുടിയേറിയ നിരവധിപ്പേരും അവരുടെ ജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട് കടകമ്പോളങ്ങൾ രൂപപ്പെട്ടുവെന്ന് കരുതുന്നതിൽ തെറ്റില്ല. 1949 പാല പൂവരണി പ്രദേശത്തുനിന്ന്ശ്രീ.സി.വി. മാത്യു എന്ന ആൾ എട്ടൊമ്പത് പേരടങ്ങുന്ന ഒരു സംഘമായി ചേറ്റുകുഴിൽ എത്തിയിരുന്നു. നടുത്തൊട്ടിയിൽ ഔസേപ്പച്ചൻ, മത്തായി കുമ്പളന്താനം, കുട്ടിയച്ചൻ തുടങ്ങിയവർ ആ സംഘത്തിലുണ്ടായിരുന്നു. ഈ സംഘത്തിന്റെ വീട്ടുപേരാണ് ഇന്ന് ചേറ്റുകുഴിയായി അറിയപ്പെടുന്നത്.

1947 കാലത്ത് തന്നെ തോവാള കട്ടപ്പന തുടങ്ങിയ പ്രദേശങ്ങൾ കുടിയേറ്റക്കരുടെ പ്രധാന കേന്ദ്രങ്ങളായിരുന്നു. അവിടങ്ങളിൽ ജോലിക്കായി എത്തിയവരും കുടിയേറ്റത്തിന്റെ ചോട് പിടിച്ചവരും വണ്ടന്മേട് വഴിക്കും പഞ്ചായത്തിന്റെ അനതികൃത കുടിയേറ്റ മേഖലകളിൽ താവളമുറപ്പിച്ചു. മലയോരങ്ങളിൽ തോട്ടങ്ങൾ സ്ഥാപിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി തുറന്നുകിട്ടിയ ആദ്യത്തെ സൗകര്യമായിരുന്നു. കുമളി മൂന്നാർ റോഡ്. ഈ സഞ്ചാര പദങ്ങളുടെ സമീപ പ്രദേശങ്ങൾ എന്ന നിലയ്ക്ക് തെക്കൻ മേഖലകൾ സ്വാഭാവീക കുടിയേറ്റ കേന്ദ്രങ്ങളായി രൂപം കൊള്ളുകയായിരുന്നു. വന്നവരെല്ലാം ഭൂമിക്കുടയവരായിക്കഴിഞ്ഞെങ്കിലും കാടുവെട്ടിപ്പണിയെടുക്കാൻ ചുക്കാൻ കൂട്ടായ പരിശ്രമങ്ങൾ വേണ്ടിവന്നു. എണ്ണത്തിൽ കുറവായിരുന്നവർക്ക് കൈവശമുള്ള ഭൂമി കൃഷിക്ക് ഉപയുക്തമാക്കാൻ തങ്ങളുടെ ശ്രമങ്ങൾക്കൊണ്ടും കഴിഞ്ഞിരുന്നില്ല. കൂട്ടുകാരെയും ഉറ്റവരെയും പറഞ്ഞും പ്രലോഭിപ്പിച്ചും എടുത്ത ഭൂമിതന്നെ മറിച്ചുവിറ്റും കൂടുതൽപ്പേരെ ഈ കുടിയേറ്റ പ്രദേശങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. കാട്ടു പ്രദേശങ്ങൾ കൈയ്യടക്കിയ പ്രമാണിമാർ നാട്ടിൻ പുറങ്ങളിൽ ഏജന്റുമാരെ വച്ച് വിൽപ്പന നടത്തിയതായും കേൾക്കുന്നുണ്ട്.

1955-ൽ കോളൈനൈസേഷൻ പദ്ധതി പ്രകാരമുള്ള കോളനികൾ അനുവദിച്ചു നൽകാൻ തുടങ്ങിയെങ്കിലും കൂട്ടാർ ഉൾപ്പെടെയുള്ള കോളനി പ്രദേശങ്ങൾ അനുവദിക്കപ്പെട്ടത് 1957 ൽ ആണ്. പഞ്ചായത്തിന്റെ 1 മുതൽ 5 വരെയുള്ള വാർഡുകളിൽ പട്ടംകോളനി പ്രദേശം ഉൾപ്പെടുന്ന സ്ഥലങ്ങളിൽ അംഗീകൃത കുടിയേറ്റക്കാരാണുള്ളത്. വ്യത്യസ്ഥങ്ങളായ രണ്ട് തരത്തിലുള്ള കുടിയേറ്റ ചരിത്രത്തിന്റെ സംഗമഭൂമിയാണ് കരുണാപുരം.

പട്ടം കോളനിയുടെ ആവിർഭാവത്തിന് ഇടയാക്കിയ സാഹചര്യങ്ങളിൽ തമിഴ്നാടിന് അടുത്ത് കിടക്കുന്ന നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങൾക്ക് പ്രധാന്യമുണ്ട്. അരനൂറ്റാണ്ട് മുൻപ് താരുംതളിരുമണിഞ്ഞ് നിൽക്കുന്ന വൃഷ നിബിടതകൊണ്ട് രമണീയമായിരുന്നു ഈ വനമേഖലകൾ. കാട്ടു ജന്തുക്കളുടെ വിഹാര കേന്ദ്രമായിരുന്നെങ്കിലും അങ്ങ് മലയടിവാരത്തിൽ വരണ്ടകാലാവസ്ഥയിൽ അഭിവൃത്തി പ്രാപിക്കാതിരുന്ന ഒരു ജനപദമുണ്ടായിരുന്നു. അവിടെ നിന്നും കുപ്രസിദ്ധി നേടിയിരുന്ന പല പ്രമാണിമാരും അവരുടെ സംഘങ്ങളും വമ്പിച്ചതോതിൽ ഈ കിഴക്കൻ മലയോരങ്ങളിൽ ചെന്ന് വനംകൊള്ള നടത്തിയിരുന്നു. ഇവിടുന്ന് ശേഖരിക്കുന്ന വൻമരങ്ങളും വന വിഭാഗങ്ങളും കടത്തിക്കൊണ്ടുപോകാൻ അവർ തെളിച്ചെടുത്ത മലമ്പാതങ്ങളിൽ ഒന്നാണ് കമ്പമെട്ട് കൂട്ടാർ റോഡ്. അതിർ വഴി തെക്കോട്ടും വടക്കോട്ടുമെല്ലാം അവരുടെ പ്രവർത്തനങ്ങൾ വ്യാപിച്ചിരുന്നതിന് ഏറ്റവും വ്യക്തമായ തെളിവുകൾ ഈ മലപ്പാതകൾ തന്നെയാണ്. ഈ വഴികളിലൂടെ പോത്ത് വണ്ടികളായിരുന്നു ഭാരം വഹിക്കാൻ ഉപയോഗിച്ചിരുന്നത്. താഴത്തെ വരണ്ട ഭൂമിയിലൊരിടത്തും നീരൊഴുക്കുകൾ കണ്ടിരുന്നില്ല. വരണ്ട കാറ്റും കടുത്ത ചൂടും അനുവദിക്കപ്പെട്ടിരുന്ന ഈ ഭൂവിഭാഗത്തിന്റെ അതിർത്തി മലതാണ്ടിയെത്തിയാൽ അതി ശൈത്യമുള്ള നമ്മുടെ ഭൂപ്രദേങ്ങളാണ്. ഹരിതാഭമായ ഈ ഭൂവിഭാഗത്തിന്റെ നാഡീഞരമ്പുകൾ പോലെ ഒഴുകിയിരുന്ന ജലപ്രഭാഗത്തിലും അവർ കണ്ണു വച്ചു.

നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന കൊച്ചറയായും ആമയാറും വലിയ കനാലുകൾ നിർമ്മിച്ച് കിഴക്കേ തമിഴ്നാട്ടിലേക്കൊഴുകുന്ന രണ്ട് നീർചാലുകളാക്കി മാറ്റാൻ സമൃദ്ധമായ പദ്ധതികളാണവർ ആസൂത്രണം ചെയ്തിരുന്നത്. അന്ന് ചിറ്റടർക്കയം എന്ന് തമിഴർ വിളിച്ചിരുന്ന ഇന്നത്തെ കൂട്ടാർ തുടങ്ങുന്നതിന് ഏതാനും അടി താഴേ മാറി തടയണ നിർമ്മിക്കാനും അണക്കെട്ടിനു തൊട്ടുമുകളിലായി വലത്തോട്ട് തിരിഞ്ഞ്

തോടുവെട്ടി കട്ടക്കാനം വഴി വെള്ളമൊഴുക്കാനുമായിരുന്നു പദ്ധതി. അതിന് തീർത്ത കനാലുകൾ ഇന്ന് നമ്മുക്ക് കാണാൻ കഴിയും. അണക്കെട്ടിനായി തയ്യാറാക്കിയ കൽപലകകളുടെ അവശിഷ്ടങ്ങൾ കൂട്ടാറിന്റെ 13 -ാം വാർഡ് കരയിലുള്ള കുന്നിൻ മുകളിൽ കാണാം.

കൊച്ചയാറും വാവു തിരിച്ചുകൊണ്ടുപോകാൻ കൊച്ചറയിൽ വണ്ടൻമേട് പഞ്ചായത്തിൽ പെടുന്ന ഭാഗത്ത് ഇങ്ങനെ കാന രൂപത്തിലുള്ള സ്ഥലം വെട്ടിമട എന്നാണ് അറിയപ്പെടുന്നത്. അവിടെ താമസക്കാരായി രുന്ന ഒരു കുടുംബക്കാരുടെ വീട്ടുപേര് തന്നെ വെട്ടിമടയിൽ എന്നാണ്. ഇങ്ങനെ നമ്മുടെ ഭൂവിഭവങ്ങളെയും പ്രകൃതിയെ തന്നെയും തമിഴ്നാട്ടിലേക്ക് ചോർത്തിക്കൊണ്ടു പോകുവാനുള്ള ശ്രമങ്ങൾ നൂറുകണക്കിന് ആളു കൾ സംഘങ്ങളായിട്ടാണ് ചെയ്തുവന്നിരുന്നത്. ഈ വിവരങ്ങൾ ശ്രീ. പട്ടംതാണുപിള്ളയുടെ ശ്രദ്ധയിൽപ്പെ ട്ടന്നും (വിമാനതത്തിൽ സഞ്ചരിച്ചപ്പോൾ കണ്ടതാണെന്നും കേട്ടുകേൾവിയുണ്ട്)അങ്ങനെ കാലക്രമേണ ഈ പ്രദേശങ്ങൾ തമിഴ് വംശകരുടെ അധീനതയിലായിത്തീരുവാനുള്ള സാധ്യത ഒഴിവാക്കാനായിട്ടാണ് കോളനി രൂപീകരണത്തിനുള്ള നീക്കങ്ങൾ ഉണ്ടായതെന്നും എന്നാൽ ഭാക്ഷാ സംസ്ഥാനങ്ങളുടെ രൂപീകരണം മുന്നിൽ കണ്ടുകൊണ്ട് ഒരു തന്ത്രഞ്ജതയുടെ ഭാഗമായിരുന്നു ഈ നീക്കമെന്നും കരുതപ്പെടുന്നു. രണ്ടായാലും പര സ്പരം പൊരുത്തപ്പെടുത്താവുന്ന സംഗതികളാണ് രണ്ട് നിഗമനങ്ങളും എന്നതാണ് സത്യം.

ഈ രണ്ട് കുടിയേറ്റ ഗ്രാമങ്ങളുടെയും വ്യത്യസ്ഥ സംസ്കാരവും ജീവിത വീക്ഷണങ്ങളുമുള്ള സജാ തൃവൈജാത്യങ്ങളുള്ള ഒരു ജന സംജയം രൂപപ്പെടുത്തുകയും പടിപടിയായി വിപുലീകരിക്കപ്പെടുകയും ചെയ്തതാണ് ഇന്നത്തെ സാമൂഹ്യ ചുറ്റുപാടുകളിലേക്ക് പരിണമിച്ചത്.

വളരെ സമ്പന്നമായൊരു സാംസ്കാരിക പൈതൃകവും സഭംവബഹുലമായൊരു ചരിത്ര പശ്ചാത്ത ലവും പറയാനില്ലാത്ത കഷ്ടിച്ച് അര നൂറ്റാണ്ടിന് അപ്പുറവും തുടങ്ങുന്ന അന്നത്തെ സാമൂഹിക ജീവിതം ആദ്യ കാലത്ത് കടുത്ത വെല്ലുവിളികൾ നിറഞ്ഞതാരുന്നു. അതിശൈത്യത്തിൽ നിന്ന് രക്ഷപ്രാപിക്കാൻ കൊമ്പുകൾ കത്തിച്ചുണ്ടാക്കുന്ന ആഴിയും നാടൻ മദ്യങ്ങളും സഹായിച്ചിരുന്നു. അവയൊന്നും അടിസ്ഥാന പരിഹാരങ്ങളാ യിരുന്നില്ല. കാട്ടുജന്തുക്കളെ വേട്ടയാടി പിടിക്കുന്നതിൽ വിരുതു കാട്ടിയിരുന്നെങ്കിലും കാട്ടാനകൾ പേടിസ്വപ്ന മായിരുന്നു. മരക്കാലുകളിൽ കെട്ടിയുണ്ടാക്കുന്ന ഏറുമാടങ്ങളും പുരയ്ക്കുചുറ്റും കുഴിക്കുന്ന ട്രഞ്ചുകളും കാട്ടാ നകളിൽ നിന്നും സംരക്ഷിച്ചു പോന്നിരുന്നു.

ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്ന കുടയേറ്റ നാളുകളിൽ കിളച്ചു പാകപ്പെടുത്തിയ മണ്ണിൽ കപ്പ, കാച്ചിൽ, തിന, വാഴ, തുടങ്ങിയവയാണ് കൃഷി ഇറക്കിയത്. കന്നി മണ്ണിൽ വിളവ് നൂറ് മേനിയും നൽകി. ചിലയിടങ്ങ ളിൽ പിന്നീട് നെൽകൃഷി ആരംഭിച്ചു. ഒരു വർഷത്തിനു ശേഷം കപ്പ വീണ്ടും നെല്ല് എന്ന രീതിയിൽ സ്ഥിര പ്രതിഷ്ട നേടി. ക്രമേണ നാണ്യവിളകളിലേയ്ക്ക് ശ്രദ്ധാ തിരിച്ചുവിടുകയു ചെയ്തു. ഭക്ഷ്യോത്പാദന രംഗ ത്തുണ്ടായ പിന്നോക്കാവസ്ഥയിൽ നിന്നും പുനരുജ്ജീവിപ്പിക്കുവാൻ കഴിയാത്ത വിധം കൃഷിഭൂമിയുടെ സിംഹ ഭാഗവും നാണ്യവിളകൾ കൈയ്യടക്കിയിരുന്നു. ഇന്നു നാം കപ്പയും മറ്റ് ഭക്ഷ്യനാണ്യങ്ങളും മറ്റ് സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കേണ്ടി വന്നിരിക്കുകയാണ്. നാണ്യവിളകളുടെ നാശവും വിലയിടിവും രൂക്ഷമായി തീരു മ്പോൾ നിത്യ വൃത്തിക്കായി കാലിവളർത്തലിൽ തൽപ്പരരായി ഗണ്യമായ കർഷക ജനത.

പഞ്ചായത്തിലെ പഴയ മലംപാതകൾ വികസിപ്പിച്ചതടക്കം മുഴുവൻ റോഡുകളും ഓരോ ഘട്ടങ്ങളിൽ ജനങ്ങൾ കൂട്ടായി നിർമ്മിച്ചിട്ടുള്ളവയാണ്. അവയിലിപ്പോൾ കാണുന്ന ആധുനിക വൽക്കരണം വിവിധ സർക്കാർ പദ്ധതികൾ പ്രകാരം ഉള്ളവയാണ്. ചികിത്സാകേന്ദ്രങ്ങൾ കാര്യമായി നമ്മുക്ക് ഇന്നും നേടാൻ കഴി ഞ്ഞിട്ടില്ല. 1982 ൽ സ്ഥാപിക്കപ്പെട്ട ഐ.പി.പി. സെന്ററാണ് ഏക ചികിത്സാ കേന്ദ്രം. ഏതാനും കിടക്കകളുള്ള ഈ ആശുപത്രി ഒരു ചികിത്സാ കേന്ദ്രത്തിന്റെ നിലവാരത്തിലേക്ക് പ്രാധാന്യം നേടിയിട്ടില്ല. ഇതിന്റെ സബ് സെന്ററുകളായി ഏതാനും ആരോഗ്യ കേന്ദ്രങ്ങൾ കൂടി പ്രവർത്തിച്ചു വരുന്നു. അടുത്ത കാലത്ത് ഒരു മൃഗാശു പത്രി പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടത്. എന്നാൽ പട്ടം കോളനിയുടെ ആവിർഭവത്തിനു ശേഷം നടന്നിട്ടുള്ള ചില സംഘടിത പ്രവർത്തനങ്ങളുടെ ഭാഗമായി 1957 ൽ സ്ഥാപിക്കപ്പെട്ട വിവിധോദേശ സഹകരണ സംഘ ത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് സി.എസ്.യു.പി. സ്കൂൾ. ആദ്യം കൂട്ടാർ കേന്ദ്രമായി അനുവദിച്ച എൻ.എസ്.എസ്. ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടത് 1976 ലാണ്. ഇതേവർഷം കുഴിത്തൊളു ദീപാ ഹൈസ്കൂളും സ്ഥാപിക്കപ്പെട്ടു. 1970 കളിലാണ് വായ്പാ സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെട്ടത്. ആദ്യത്തെ വായന ശ്ശാല 1960 ൽ സ്ഥാപിക്കപ്പെട്ട മന്തിപ്പാറ ഗ്രാമീണ വായനശാലയാണ്. എൻ.ആർ.എച്ച്.എം.പദ്ധതി പ്രകാരം ആയുർവേദ ഹോമിയോ ആശുപത്രികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളിലായി ഗതാഗത സൗകര്യത്തിലും കുടിവെള്ള വിതരണ രംഗത്തും പഞ്ചായത്തിന് നല്ല പുരോ ഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജീവജാലങ്ങളുടെയും നാട്ടറിവുകളും സംരക്ഷിക്കുകയും ജൈവവൈ വിധ്യ ചൂഷണത്തെയും നാട്ടറിവ് മോഷണത്തെയും തടയുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട.

ഭൂമിശാസ്ത്രപരവും പാരസ്ഥിതികവുമായ സവിശേഷതകൾ

കേരളത്തിന്റെ കിളക്കൻ പർവ്വതപ്രദേശങ്ങളുടെ ഭാഗമായി തമിഴ്നാടിന് അടുത്ത് സ്ഥിതി ചെയ്യുന്ന ഒരു മലയോര ഗ്രാമമാണ് കരുണാപുരം. ഇടുക്കി ജില്ലയുടെ കിഴക്കൻ അതിർത്തിയുടെ ഏതാണ്ട് മദ്ധ്യഭാഗം ചേർന്നാണ് കിടക്കുന്നത്. ഏറ്റവും ഉയർന്ന കിഴക്ക് തെക്കൻ പ്രദേശങ്ങളും, വടക്ക് കിഴക്ക് സമതലങ്ങളും കുഴി ത്തൊളു മുതൽ കൂട്ടാർ വരെയും കരുണാപുരം കൊച്ചുപ്ലാമൂട്, പ്രകാശ്ഗ്രാം തൂക്കുപാലം വരെയും ഉയർന്ന ചെരുവുകളും താഴ് വരകളും പോത്തിൻകണ്ടം, ചാലിക്കുടിമേട്, കുഴിക്കണ്ടം, രാമക്കൽമേട് തുടങ്ങിയ പ്രദേശ ങ്ങൾ ചെറിയ ചെരിവുള്ള പ്രദേശങ്ങളുമാണ്. കിഴക്കനരുകിൽ തെക്കുവടക്കായി ഇടമുറിയാത്ത ഉയർന്ന മല നിരകൾ കൈകോർത്ത് നിൽക്കുന്നു. അവിടെ നിന്നും പടിഞ്ഞാറോട്ട് ചെരിഞ്ഞുകിടക്കുന്ന താഴ്വരകൾ മലമ ടക്കുകൾ കൊണ്ട് വേർതിരിക്കപ്പെട്ടിട്ടുണ്ട്.

പടിഞ്ഞാർ അതിർത്തിയിൽ ആമയാർ തോടിന്റെ എതിർ വശത്ത് പാമ്പാടുംപാറ പഞ്ചായത്താണ്. അന്യാർതൊളുവിന് സമീപം മുതൽ കൂട്ടാർ വരെയുള്ള 13-ാം വാർഡിന്റെ ഒരു ഭാഗത്ത് പ്രധാന കരയിൽ നിന്നും വേറിട്ടുനിൽക്കുന്നു. ആമയാർ മുറിച്ചൊഴുകുന്ന അല്ലിയാർ മുതലുള്ള സ്ഥലമാണിത്. കൊച്ചറയാറും ആമയാറും പഞ്ചായത്തിനെ 3 ഭൂവിഭാഗങ്ങളായി തിരിച്ചുകൊണ്ടാണ് ഒഴുകുന്നത്.

കൂട്ടാർ, പ്രകാശ് ഗ്രാം, കൊച്ചുപ്ലാമൂട് തമിഴ് അതിർത്തി പ്രദേശങ്ങൾ, ശൂലപ്പാറ പ്രദേശങ്ങളിലും വലുതും ചെറിതും ആയ കരിങ്കൽ മലകളും പാറക്കൂട്ടങ്ങളും കാണാം.

പൊതുവെ വളക്കൂറുള്ള മണ്ണാണ് ഏറിയ കൂറും കാണുന്നത്. ചെമന്നമണ്ണും കളിമണ്ണും കുറച്ചു പ്രദേശങ്ങളിലുണ്ട്. എല്ലാത്തരം മണ്ണിനും വകഭേതങ്ങൾ മണൽ കലർപ്പിന്റെ ഏറ്റുമുട്ടലിൽ കാണാവുന്നതാണ്. ഫലഭൂഷ്ടമായിരുന്ന മണ്ണിന്റെ പൂർവ്വ ഘടനയിൽ വലിയ അന്തരങ്ങൾ ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറെ മേഖലകളിലും വടക്കേയറ്റത്തുമാണ് ജലലഭ്യതയുള്ളത്. പത്ത് പതിനഞ്ച് കിലോമീറ്ററോളം നീളമുള്ള പുഴയോരവും മറ്റ് നിരവധി നീർച്ചാലുകളും നൂറ്റിൽപരം പ്രധാന കുളങ്ങളും ചെറിയ ഓലുകളും കിണറുകളും പഞ്ചായത്തിന്റെ സ്വഭാവിക ജലസ്ത്രോതസ്സുകൾ ഉണ്ടെങ്കിലും ഏകദേശം മൂന്ന് നാല് മാസക്കാലം വെള്ളത്തിന് ക്ഷാമം അനുഭവപ്പെടാറുണ്ട്. ഇപ്പോൾ കുടിവെള്ളത്തിന് കൂടുതൽപ്പേരും കുഴൽകിണറുകളെ ആശ്രയിക്കുന്ന സ്ഥിതിയാണുള്ളത്. ഇത് സ്വോഭാവിക ജലസ്ത്രോതസ്സുകളുടെ ശോഷണത്തിനും ഭൂഗർഭ ജല വിതാനത്തിന്റെ ക്രമാതീതമായ കുറവിനും കാരണമാകുന്നു.

ഏകദേശം 200 സെന്റീമീറ്ററാണ് പഞ്ചായത്തിന്റെ മഴലഭ്യത. കൂടുതൽ മഴ മൺസൂൺ കാലത്താണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പണ്ട് കാലത്ത് മഴക്കാലത്ത് അന്തരീക്ഷ താപനില വളരെ താഴോട്ട് പോവുകയും ഡിസംബർ മുതൽ ശൈത്യവുമ ജനുവരിക്ക് ശേഷം ഒന്നുരണ്ടു മാസം കിഴക്കുനിന്നും ഉഷ്ണക്കാറ്റും വീശാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കാലാവസ്ഥയിൽ വളരെയേറെ മാറ്റങ്ങൾ ഉണ്ടാവുകയും കോടമഞ്ഞും അതി ശൈത്യവും ഇല്ലാതാവുകയും ചെയ്തു. വരൾച്ച അധികമായി അനുഭവപ്പെടുകയും കാർഷിക വിളയുടെ ജലസേചനം പോലും ബുദ്ധിമുട്ടായി തീരുകയും ചെയ്തിരിരക്കുന്നു. ജൈവവൈവിധ്യം കൊണ്ട് സമ്പന്നമായിരുന്ന കാടുകളും പുൽമേടുകളും നിറഞ്ഞുനിന്നിരുന്ന ഒരു കാലം നമ്മുക്കുണ്ടായിരുന്നു. എന്നാൽ നാണ്യവിള മുഖ്യ ജീവനോപാധിയായി മാറിയതോടുകൂടി അനിയന്ത്രിതമായി വനനശീകരണവും ജൈവവൈവിധ്യങ്ങളുടെ നാശവും ഉണ്ടായിട്ടുണ്ട്.ഇതിനെതിരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജൈവവൈവിധ്യം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിനായി ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കി തനതായ ജീവജാലങ്ങളുടെയും നാട്ടറിവുകളേയും സംരക്ഷിക്കുകയും ജൈവവൈവിധ്യ ചൂഷണത്തെയും നാട്ടറിവ് മോഷണത്തേയും തടയുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

**മനുഷ്യ പ്രകൃതിവിഭവങ്ങൾ**

കേരളത്തിന്റെ കിഴക്കൻ പർവ്വത പ്രദേശങ്ങളുടെ ഭാഗമായി തമിഴ് നാടിനടുത്താണ് കരുണാപുരം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.പ്രകൃതി വിഭവങ്ങളാൽ ഏറെയൊന്നും സമ്പന്നമല്ല കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ പ്രദേശങ്ങൾ. കുറെയേറെ പ്രദേശങ്ങളിൽ വലുതും ചെറുതുമായ കരിങ്കൽ മലകളും പാറക്കൂട്ടങ്ങളുമുണ്ട്. കൊച്ചറയാറും ആമയാറും പഞ്ചായത്തിന് മൂന്ന് ഭൂ വിഭാഗങ്ങളാക്കി തിരിച്ചുകൊണ്ടാണ് ഒഴുകുന്നത്. പൊതുവെ വളക്കൂറുള്ള കറുത്ത മണ്ണാണ് പഞ്ചായത്ത് പ്രദേശങ്ങളിൽ ഏറിയകൂറും കാണപ്പെടുന്നത്. ഫലഭൂഷ്യിഠമായിരുന്ന മണ്ണിന്റെ ഘടനയിൽ ഇപ്പോൾ വളരെ അന്തരങ്ങളുണ്ട്. സ്ഥല ലഭ്യതയുള്ളത് പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറൻ മേഖലകളിലും വടക്കേയറ്റത്തും മാത്രമാണ്. നമ്മുക്ക് ഏതാണ്ട് പത്ത് പതിനഞ്ച് കീലോമീറ്ററോളം നീളമുള്ള പുഴയോരവും അനവധി നീർച്ചാലുകളും നൂറിൽപരം കുളങ്ങളും ധാരാളം ചെറിയ ഓലികളും പഞ്ചായത്തിന്റെ പ്രധാന ജലസ്രോതസ്സിൽ ഉണ്ടെങ്കിലും പൊതുവെ കാലാവസ്ഥാ വ്യതിയാനവും മഴയുടെ കുറവും മൂലം വർഷത്തിൽ പകുതിയോളം സമയം കുടിവെള്ളത്തിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെട്ടുവരുന്നുണ്ട്. മാനുഷിക ഇടപെടലുകളും നാണ്യവിളകളുടെ അമിതമായ കൃഷിയും മൂലം പഞ്ചായത്തിന്റെ ഹരിതഭമായിരുന്ന പുൽമേടുകളും ഇടതൂർന്ന് വളർന്നിരുന്ന മരക്കൂട്ടങ്ങളും ഉൾപ്പെടുന്ന വൈവിദ്ധ്യമാർന്ന ജൈവഘടനയിലും ജീവജാലങ്ങളുടെ ആവാസ സ്ഥിതിക്കും മാറ്റമുണ്ടായി.മനുഷ്യവിഭവങ്ങളിൽ പഞ്ചായത്തിന്റെ ജനസംഖ്യക്കാനുപാദികമായ പുരോഗതി ഇനിയും ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടില്ല. യുവജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസപരമായ ഉയർച്ച ഉണ്ടായിട്ടുണ്ടെങ്കിലും അതിനനുസരിച്ചുള്ള തൊഴിലവസരങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ജനസഖ്യാ വർദ്ധനവിനും വിദ്യാഭ്യാസ നിലവാരത്തിനും അനുസരിച്ചുള്ള മാനുഷിക വിഭവശേഷി വർദ്ധനവ് ഉണ്ടാക്കിയെടുക്കാൻ കാർഷിക വ്യവസായിക മേഖലകളിലും സേവന മേഖലയിലും മികച്ച പ്രവർത്തന മുന്നേറ്റം കാഴ്ച്ച വേക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പൊതുവായുള്ള തൊഴിൽ മേഖലയായിരുന്ന കാർഷിക, കർഷക തൊഴിൽ വൃത്തികൾ അടുത്തിടെയുണ്ടായ തളർച്ച പഞ്ചായത്തിന്റെ പൊതു സാമ്പത്തിക സ്ഥിതിയെതന്നെ മുരടിപ്പിച്ചിട്ടുണ്ട്.

### 1.1.1 ജീവനക്കാർ

| | | എണ്ണം |
|---|---|---|

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | | സ്ഥിരം | താല്ക്കാലികം | ആകെ |
|---|---|---|---|---|---|
| 1. | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസിൽ | | 15 | 1 | 16 |
| 2. | ഘടക സ്ഥാപനങ്ങളിൽ - ഇനം തിരിച്ച് | | 48 | 0 | 48 |
| 3. | മറ്റ് സ്ഥാപനങ്ങൾ | സർക്കാർ | 65 | 0 | 65 |
| | | സർക്കാരിതരം | 58 | 0 | 58 |
| ആകെ | | | 186 | 1 | 187 |

### 1.1.2 സ്ഥാപനങ്ങൾ

#### (എ) ഘടക സ്ഥാപനങ്ങൾ

| സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|
| കൃഷി ഭവൻ | 1 |
| വെറ്ററിനറി ഹോസ്പിൽ | 1 |
| സി. എച്ച്.സി | 1 |
| വി.ഇ.ഒ ഓഫീസ് | 1 |
| എ.ഇ ഓഫീസ് ,എൽ. ഐ. ഡി & ഇ ഡബ്ലു | 1 |
| ഗവ. ഹൈസ്കൂൾ | 1 |
| ഐ.സി.ഡി.എസ് ഓഫീസ് | 1 |
| ആകെ | 7 |

#### (ബി) മറ്റ് സ്ഥാപനങ്ങൾ

| സ്ഥാപനത്തിന്റെ പേര് | സർക്കാർ | സർക്കാരിതരം |
|---|---|---|
| കെ.എസ്.ഇ.ബി | 1 | |
| എക്സൈസ് ചെക്ക് പോസ്റ്റ് | 1 | |

| | | |
|---|---|---|
| എസ്.എൻ .യു.പി എസ് | | 1 |
| എസ്.ബി.ഐ | 1 | |
| എസ്.എൻ .എൽ.പി എസ് | | 1 |
| കൊമേഴ്സ്യൽ ടാക്സ് ചെക്ക് പോസ്റ്റ് | | |
| വില്ലേജ് ഓഫീസ് | 1 | |
| കെ.ജി.എം പോസ്പിറ്റൽ | | 1 |
| മഡോണ എൽ പി എസ് | | 1 |
| ദ്വീപ എച്ച്.എസ് | | 1 |
| ഗവൺമെന്റ് ഐ.റ്റിഐ | 1 | |
| റിണ്ടർ പെസ്റ്റ് ചെക്ക് പോസ്റ്റ് | 1 | |
| എൻ.എസ്.എസ് എച്ച് .എസ് | | 1 |
| ആകെ | 6 | 6 |

# ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും അവയ്ക്ക് ബാധകമായ നിബന്ധനകളും

## ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകുന്ന സർട്ടിഫിക്കറ്റുകൾ/ സേവനങ്ങൾ

| ക്രമ നം | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട വിധം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | ലഭ്യമാക്കുന്ന സമയപരിധി | അടയ്ക്കേണ്ട ഫീസ് |
|---|---|---|---|---|---|
| 1 | സ്വഭാവ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽക്കുറിപ്പോടെ ആവണം അപേക്ഷ നൽകേണ്ടത്. | 1 മണിക്കൂർ | ഫീസ് ഇല്ല |
| 2 | റേഷൻകാർഡിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ് | അന്നേദിവസം | ഫീസ് ഇല്ല |
| 3 | തൊഴിൽ രഹിതൻ ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ ക്കുറിപ്പോടെ ആവണം അപേക്ഷ നൽകേണ്ടത്. | അന്നേദിവസം | ഫീസ് ഇല്ല |
| 4 | പേരിലോ വീട്ടു പേരിലോ മാറ്റം വന്നവർക്കുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | ബന്ധപ്പെട്ട രേഖകൾ സഹിതം , വാർഡ് മെമ്പറുടെ അഭിപ്രായക്കുറിപ്പോടൊ യാവണം അപേക്ഷ നൽകേണ്ടത്. | അന്നേദിവസം | ഫീസ് ഇല്ല |
| 5 | ലൈഫ് സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | പെൻഷൻകാർ നേരിട്ടോ അടുത്ത ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പേമെന്റ് ഓർഡർ സഹിതം അപേക്ഷിക്കണം | 1 മണിക്കൂർ | ഫീസ് ഇല്ല |
| 6 | രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ വിവാഹിതരാണെന്നു സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽക്കുറിപ്പോടെ ആവണം അപേക്ഷ നൽകേണ്ടത്. | അന്നേദിവസം | ഫീസ് ഇല്ല |
| 7 | റ്റി.സി നഷ്ടപ്പെട്ടവർക്ക് നൽകുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽക്കുറിപ്പോടെ | അന്നേദിവസം | ഫീസ് ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | അപേക്ഷ | ആവണം അപേക്ഷ നൽകേണ്ടത്. | | |
| 8 | രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ മരണം സംബന്ധിച്ച് സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽക്കുറിപ്പോടെ ആവണം അപേക്ഷ നൽകേണ്ടത്. | അന്നേദിവസം | ഫീസ് ഇല്ല |
| 9 | സ്റ്റേറ്റുമെന്റുകളും പ്രസ്താവനകളും സത്യമാണെന്ന സാക്ഷ്യപത്രം | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | അപേക്ഷകൻ നേരിട്ട് ഹാജരായി പ്രസിഡന്റു മുമ്പാകെ ഒപ്പിടണം | അന്നേദിവസം | ഫീസ് ഇല്ല |
| 10 | പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, പിൻതുടർച്ചാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | 1.അപേക്ഷകൻ പ്രസിഡന്റുമുമ്പാകെ നേരിട്ട് ഹാജരാകണം.<br>2.സാക്ഷ്യപ്പെടുത്തേണ്ട പകർപ്പുകളുടെ അസ്സൽ ഹാജരാക്കണം | അന്നേദിവസം | ഫീസ് ഇല്ല |
| 11 | വയസ്സ് തെളിയിക്കുന്ന രേഖകളോ സർട്ടിഫിക്കറ്റുകളോ ഇല്ലാത്ത സാഹചര്യത്തിൽ വയസ്സ് തെളിയിക്കുന്ന സാക്ഷ്യപത്രം | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽക്കുറിപ്പോടെ ആവണം അപേക്ഷ നൽകേണ്ടത്. | അന്നേദിവസം | ഫീസ് ഇല്ല |
| 12 | ഒപ്പും പകർപ്പുകളും സാക്ഷ്യപ്പെടുത്തൽ | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | 1.അപേക്ഷകൻ പ്രസിഡന്റുമുമ്പാകെ നേരിട്ട് ഹാജരാകണം.<br>2.സാക്ഷ്യപ്പെടുത്തേണ്ട പകർപ്പുകളുടെ അസ്സൽ ഹാജരാക്കണം | അന്നേദിവസം | ഫീസ് ഇല്ല |
| 13 | സബ്സിഡി അർഹതയുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | അപേക്ഷയോടൊപ്പം റേഷൻകാർഡിന്റെ പകർപ്പും ഹാജരാക്കണം | അന്നേദിവസം | ഫീസ് ഇല്ല |

| | | | | | |
|---|---|---|---|---|---|
| 14 | വിവിധ ക്ഷേമനിധി ബോർഡുകളിൽ ഹാജരാക്കുന്നതിനായി കുടുംബബന്ധം സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | റേഷൻ കാർഡ് , വിവിഹ സർട്ടിഫിക്കറ്റ്, ഐഡന്റിറ്റി കാർഡ് തുടങ്ങി ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കണം. | അന്നേദിവസം | ഫീസ് ഇല്ല |
| 15 | പൊതു പരാതികൾ | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | ഇല്ല | | ഫീസ് ഇല്ല |

## സേവനാവകാശ നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നം | സേവനങ്ങളുടെ വിവരം | സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാംഅപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| 1 | ജനന രജിസ്ട്രേഷൻ (1969 – ലെ ജനന-മരണ രജിസ്ട്രേഷൻ ആക്റ്റ്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 1. ആശുപത്രിയിൽ വച്ച് നടന്ന ജനനമെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം (ആശുപത്രി, കിയോസ്ക്, സൌകര്യമുള്ള സ്ഥലങ്ങളിൽ മാത്രം)<br>2. മറ്റുള്ളവ 7 പ്രവൃത്തിദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം മരണം)/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | ചീഫ്രജിസ്ട്രാർ (ജനനം മരണം) |
| 2 | ജനന രജിസ്ട്രേഷനിൽ പേര് ചേർക്കൽ (ജനനം രജിസ്റ്റർ ചെയ്തപ്പോൾ പേര് ചേർത്തിട്ടില്ലായെങ്കിൽ മാത്രം) (1969 – ലെ ജനന-മരണ രജിസ്ട്രേഷൻ ആക്റ്റ്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 1. 7 പ്രവൃത്തി ദിവസം<br>2. അനുമതി ലഭ്യമാക്കേണ്ട അപേക്ഷകളിൽ ജില്ലാ രജിസ്ട്രാറുടെ അനുമതിലഭ്യമായതിനു ശേഷം 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം മരണം)/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | ചീഫ്രജിസ്ട്രാർ (ജനനം മരണം) |

| | | | | | |
|---|---|---|---|---|---|
| 3 | മരണ രജിസ്ട്രേഷൻ ) (1969 – ലെ ജനന-മരണ രജിസ്ട്രേഷൻ ആക്റ്റ്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 1. .വീട്ടിലും സ്ഥാപനങ്ങളിലും വച്ചുള്ള മരണം അന്വേഷിച്ച് രജിസ്റ്റർ ചെയ്യുന്നതിന് 7 പ്രവൃത്തി ദിവസം<br>2. ആശുപത്രിയിൽ വച്ചു നടന്ന മരണം റിപ്പോർട്ട് ലഭിക്കുന്ന ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം മരണം)/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | ചീഫ്രജിസ്ട്രാർ (ജനനം മരണം) |
| 4 | ജനനം മരണം താമസിച്ചു രജിസ്റ്റർ ചെയ്യൽ (1969 – ലെ ജനന-മരണ രജിസ്ട്രേഷൻ ആക്റ്റ്) | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം മരണം)/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | ചീഫ്രജിസ്ട്രാർ (ജനനം മരണം) |
| 5 | ജനന/ മരണ സർട്ടിഫിക്കറ്റ്(1969 – ലെ ജനന-മരണ രജിസ്ട്രേഷൻ ആക്റ്റ്) | 1. -12ാം വകുപ്പ് പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ദിവസം<br>2. മറ്റുള്ളവ 3 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം മരണം)/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | ചീഫ്രജിസ്ട്രാർ (ജനനം മരണം) |
| 6 | ദത്തെടുത്ത കുട്ടികളുടെ രജിസ്ട്രേഷൻ | 10 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം മരണം)/ പഞ്ചായത്ത് | ചീഫ്രജിസ്ട്രാർ (ജനനം മരണം) |

| | | | | | |
|---|---|---|---|---|---|
| | | | | ഡെപ്യൂട്ടി ഡയറക്ടർ | |
| 7 | വിദേശത്തു നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ (ബന്ധപ്പെട്ട നിയമം/ ചട്ടങ്ങൾക്ക് വിധേയമായി) | 30 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം മരണം)/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | ചീഫ്രജിസ്ട്രാർ (ജനനം മരണം) |
| 8 | വിവാഹ രജിസ്ട്രഷൻ , 30 ദിവസത്തിനുള്ളിൽ (1955- ലെ ഹിന്ദു വിവാഹ ആക്ട്/ 1957 – ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ) | 15 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ / പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ/ ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ |
| 9 | വിവാഹം താമസിച്ചു രജിസ്റ്റർ ചെയ്യൽ, 30ദിവസത്തിന് ശേഷമുള്ളവ (1955- ലെ ഹിന്ദു വിവാഹ ആക്ട്/ 1957 – ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ) | അനുമതി ലഭിച്ചത് 15 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ / പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ/ പഞ്ചായത്ത് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 10 | വിവാഹ സർട്ടിഫിക്കറ്റ് (1955- ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടത്തിയ രജിസ്ട്രേഷൻ) | 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ / പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ/ പഞ്ചായത്ത് ഡയറക്ടർ |
| 11 | വിവാഹങ്ങൾ (പൊതു) രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി (45 ദിവസത്തിനുള്ളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുള്ള സംഭവങ്ങൾ) കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ, 2008) | അനുമതി ലഭിച്ചത് 7 പ്രവൃത്തി ദിവസം | വിവാഹം (പൊതു) തദ്ദേശ രജിസ്ട്രാർ / ഗ്രാമപഞ്ചായത്ത് സെക്രട്ടറി | വിവാഹ(പൊതു) രജിസ്ട്രാർ ജനറൽ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |
| 12 | വിവാഹങ്ങൾ (പൊതു) രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി (അഞ്ചു വർഷത്തിനുള്ളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുള്ള സംഭവങ്ങൾ) കേരള വിവാഹങ്ങൾ രജിസ്റ്റർ | 10 പ്രവൃത്തി ദിവസം | വിവാഹം (പൊതു) തദ്ദേശ രജിസ്ട്രാർ / ഗ്രാമപഞ്ചായത്ത് സെക്രട്ടറി | വിവാഹ(പൊതു) രജിസ്ട്രാർ ജനറൽ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | ചെയ്യൽ (പൊതു) ചട്ടങ്ങൾ, 2008) | | | | |
| 13 | വിവാഹങ്ങൾ (പൊതു) രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി (അഞ്ചു വർഷത്തിനുള്ളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടില്ലാത്ത സംഭവങ്ങൾ) കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ, 2008) | അനുമതി ലഭിച്ചത് 7 പ്രവൃത്തി ദിവസം | വിവാഹം (പൊതു) തദ്ദേശ രജിസ്ട്രാർ / ഗ്രാമപഞ്ചായത്ത് സെക്രട്ടറി | വിവാഹ(പൊതു) രജിസ്ട്രാർ ജനറൽ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |
| 14 | വിവാഹ സർട്ടിഫിക്കറ്റ് ( കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008 പ്രകാരം നടത്തിയ രജിസ്ട്രേഷൻ) | 7 പ്രവൃത്തി ദിവസം | വിവാഹം (പൊതു) തദ്ദേശ രജിസ്ട്രാർ / ഗ്രാമപഞ്ചായത്ത്സെക്രട്ടറി | വിവാഹ(പൊതു) രജിസ്ട്രാർ ജനറൽ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 15 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ | 45 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 16 | കെട്ടിട ഉടമസ്ഥാവകാശം സർട്ടിഫിക്കറ്റ് | 3 പ്രവൃത്തി ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 17 | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 18 | വ്യവസായങ്ങളും ഫാക്ടറികളും വ്യാപരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും ആരംഭിക്കുന്നതിനുള്ള ലൈസൻസ് | 30 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 19 | കെട്ടിട നിർമ്മാണ പെർമിറ്റ്/വികസന പെർമിറ്റ് (കോമ്പൌണ്ട് വാൾ, കിണർ, ടെലികമ്യൂണിക്കേഷൻ ടവർ, എന്നിവയ്ക്കും ബാധകം) | 30 പ്രവൃത്തി ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 20 | തൊഴിൽ നികുതി ഒടുക്കൽ (ഫോറം III ഡിമാന്റെ നോട്ടീസ് പ്രകാരം) (കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1996) | അതേ ദിവസം (ഫോറം IIൽ വരുമാന വിവരങ്ങൾ നൽകിയിരിക്കണം) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |

# സെക്രട്ടറിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ ന മ്പ ർ | ലഭ്യമാവുന്ന സേവനങ്ങളു ടെ വിവിരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | | നൽകേണ്ട ഫീസ് നിരക്ക് | സേവനം ലഭ്യമാക്കു ന്ന സമയപരി ധി |
|---|---|---|---|---|---|
| 1 | കെട്ടിട ഉടമസ്ഥാവകാ ശ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ പതിച്ച് നികുതി കുടിശികയുണ്ടെങ്കിൽ ആയത് അടച്ചു തീർത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കു നൽകുക. | | ഇല്ല | അപേക്ഷി ക്കുന്ന ദിവസം തന്നെ |
| 2 | വാസയോഗ്യ മായ വീടല്ലായെന്ന് തെളിയിക്കു ന്ന സർട്ടിഫിക്കറ്റ് | അപേക്ഷകന്റെയും കുടുംബത്തിന്റെയും പേര്, വീട്ടു പേര്, വാർഡ് നമ്പർ, കെട്ടിട നമ്പർ, എന്നിവ ഉൾപ്പെടുത്തി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ പതിപ്പിച്ച് സെക്രട്ടറിക്ക് നൽകുക. | | ഇല്ല | 3 പ്രവർത്തി ദിവസം |
| 3 | കെട്ടിട നിർമ്മാണത്തി ന് അനുമതി | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷയോടൊപ്പം<br>1. വസ്തുവിന്റെ അസ്സൽ പ്രമാണവും , ഒരു പകർപ്പും<br>2. ഭൂമിയുടെ തന്നാണ്ടിലെ കരം തീർത്ത രസീത്.<br>3. കൈവശാവകാശ സർട്ടിറിക്കറ്റ്<br>4. കെട്ടിടത്തിന്റെ പ്ലാൻ 3 കോപ്പി | രേഖകൾ ഏതെങ്കിലും രജിസ്റ്റേർഡ് എഞ്ചിനീയർ തയ്യാറാക്കിയ തായിരിക്കണം. അപേക്ഷാ ഫീസ്, | LSGD എഞ്ചിനീയറു ടെ റിപ്പോർട്ട് പ്രകാരം വിസ്തീർണ ത്തിന്റെ അടിസ്ഥാന ത്തിൽ നിയമാനുസൃ തഫീസ് | പരമാവധി 15 ദിവസം |

| | | | | | |
|---|---|---|---|---|---|
